ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE:30.03.2025**

## പ്രധാനവാർത്തകൾ

1. രാജ്യത്ത് കഴിഞ്ഞ 8 വർഷങ്ങൾക്കിടയിൽ 11 ബില്യൺ ക്യുബിക് മീറ്ററിലധികം വെള്ളം സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ടെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് പഴയ തുണിത്തര മാലിന്യമെന്നും മൻ കി ബാത്തിൽ പരാമർശം.

2. ലഹരി വിരുദ്ധ ബോധവൽക്കരണ നിർദേശങ്ങൾ സ്കൂളുകളിൽ അടുത്ത അധ്യയന വർഷം മുതൽ നടപ്പാക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി വി ശിവൻകുട്ടി.

3. സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മന്ത്രി എം ബി രാജേഷ് നിർവഹിച്ചു.

4. വ്രതശുദ്ധിയുടെ ദിനരാത്രങ്ങൾക്ക് പരിസമാപ്തി കുറിച്ച് ചെറിയ പെരുന്നാളിനെ വരവേൽക്കാനൊരുങ്ങി നാടും നഗരവും.

5. ഐ പി എൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 164 റൺസ് വിജയലക്ഷ്യം.

&&&&&&&&&&&&&&&&

RNU TVPM

## മൻ കി ബാത്ത് തുണിത്തരങ്ങൾ- ഇൻട്രോ

ലോകം നേരിടുന്ന സുപ്രധാന വെല്ലുവിളികളിലൊന്നാണ് പഴയ തുണിത്തരങ്ങളുടെ മാലിന്യമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിൻറെ 120 -ാം പതിപ്പിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. തുണിത്തരങ്ങളുടെ പുനചംക്രമണം വെറും ഒരു ശതമാനത്തിൽ താഴെയാണെന്ന കണ്ടെത്തലിൽ പ്രധാനമന്ത്രി ആശങ്ക പ്രകടിപ്പിച്ചു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## മൻ കി ബാത്ത്- യോഗ

ലോകമെമ്പാടും യോഗയെയും പരമ്പരാഗത ഇന്ത്യൻ വൈദ്യശാസ്ത്രത്തെയും കുറിച്ചുള്ള ജിജ്ഞാസ വർദ്ധിച്ചുവരികയാണെന്നും പ്രധാനമന്ത്രി പറഞ്ഞു. യോഗ, ജീവിതത്തിന്റെ ഭാഗമാക്കണമെന്നും ഭാരതം മനുഷ്യരാശിക്ക് നൽകുന്ന വിലയേറിയ സമ്മാനമാണ് യോഗയെന്നും അദ്ദേഹം പറഞ്ഞു. അന്താരാഷ്ട്രയോഗ ദിനത്തിന് ഇനി 100 ദിവസത്തിൽ താഴെ മാത്രമാണുള്ളതെന്ന് ഓർമിപ്പിച്ച ശ്രീ മോദി ഈ ദിവസം യോഗയുടെ മഹോത്സവമായി മാറിയെന്നും പറഞ്ഞു.

&&&&&&&&&&&&&&&&

## മൻ കി ബാത്ത് - ജോബി മാത്യൂ- ഇൻട്രോ

RNU TVPM

ഖേലോ ഇന്ത്യ പാരാഗെയിംസിൽ മികച്ച പ്രകടനം കാഴ്ചവെച്ച കായികതാരങ്ങൾക്ക് മൻ കി ബാത്തിൽ പ്രശംസ. പഞ്ചഗുസ്തിയിൽ സ്വർണമെഡൽ നേടിയ മലയാളി താരം ജോബി മാത്യു തനിക്കെഴുതിയ കത്തിൻറെ പ്രസക്ത ഭാഗം പ്രധാനമന്ത്രി മൻ കി ബാത്തിൽ പങ്കുവെച്ചു. പ്രധാനമന്ത്രിയുടെ പരാമർശം ഏറെ പ്രചോദനം നൽകുന്നതാണെന്ന് ജോബി മാത്യു ആകാശവാണി വാർത്തകളോട് പറഞ്ഞു.

(വോയിസ്)

മലയാളിയും പ്രശസ്ത റാപ്പറുമായ ഹനുമാൻ കൈന്തിൻറെ ഗാനങ്ങളിലൂടെ പരമ്പരാഗത ആയോധന കലകൾ ലോകശ്രദ്ധ പിടിച്ചു പറ്റിയതിനെ കുറിച്ചും മൻ കി ബാത്തിൽ പരാമർശമുണ്ടായി.

RNU TVPM

&&&&&&&&&&&&&&&&

## മൻ കി ബാത്ത് - ജലം + വേനൽക്കാല അവധി

രാജ്യത്ത് കഴിഞ്ഞ 8 വർഷങ്ങൾക്കിടയിൽ, പുതുതായി നിർമ്മിച്ച ജലാശയങ്ങൾ, കുളങ്ങൾ, ജല റീചാർജ് സംവിധാനങ്ങൾ എന്നിവയിലൂടെ 11 ബില്യൺ ക്യുബിക് മീറ്ററിലധികം വെള്ളം സംരക്ഷിക്കാൻ സാധിച്ചിട്ടുണ്ടെന്ന് മൻ കി ബാത്തിൽ പ്രധാനമന്ത്രി പറഞ്ഞു. മധ്യവേനലവധിക്കാലം ക്രിയാത്മകമാക്കണമെന്നും കുട്ടികളോട് പ്രധാനമന്ത്രി ആഹ്വാനം ചെയ്തു.

&&&&&&&&&&&&&&&&

## ലഹരി വ്യാപനം- മുഖ്യമന്ത്രി- ഇൻട്രോ

ലഹരിയുടെ ഉന്മൂലനത്തിന് പൊതു സമൂഹത്തിൻറെ ഇടപെടൽ അനിവാര്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ലഹരി വ്യാപനം തടയാൻ തിരുവനന്തപുരത്ത് വിളിച്ച യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ മേഖലയിലുള്ളവർക്കും ലഹരി വ്യാപനം തടയാനുള്ള പുതിയ നിർദ്ദേശങ്ങൾ നൽകാനാകുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

( സി എം ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&&

## വി ശിവൻകുട്ടി

ലഹരി വിരുദ്ധ ബോധവൽക്കരണവുമായി ബന്ധപ്പെട്ട് ചേർന്ന യോഗത്തിൽ ചൂണ്ടിക്കാട്ടിയ നിർദേശങ്ങൾ സ്കൂളുകളിൽ അടുത്ത അധ്യയന വർഷം മുതൽ നടപ്പാക്കുമെന്ന് മന്ത്രി വി ശിവൻകുട്ടി. ഇക്കാര്യങ്ങൾ പ്രായോഗികമാക്കാനായി പൊതു വിദ്യാഭ്യാസ വകുപ്പ് പ്രത്യേക കലണ്ടർ തയ്യാറാക്കും. സ്കൂളുകളിൽ വിദ്യാർത്ഥികളുടെ മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി ഷോർട് ടേം, മീഡ് ടേം, ലോങ് ടേം പദ്ധതികൾ നടപ്പിലാക്കുമെന്നും വിദ്യാഭ്യാസ മന്ത്രി അറിയിച്ചു.

RNU TVPM

&&&&&&&&&&&&&&&&

## ഓപ്പറേഷൻ ഡി ഹണ്ട്

ലഹരിക്കെതിരെ കേരള പോലീസ് നടപ്പാക്കുന്ന ഓപ്പറേഷൻ ഡി-ഹണ്ടിൻറെ ഭാഗമായി 140 കേസുകൾ കൂടി രജിസ്റ്റർ

ചെയ്തു. 3,191 പേരെ പരിശോധനയ്ക്ക് വിധേയമാക്കി.146 പേരെ അറസ്റ്റ് ചെയ്തു.

&&&&&&&&&&&&&&&&

## വീണാ ജോർജ്ജ്

സർക്കാർ മേഖലയിൽ ആദ്യമായി റോബോട്ടിക് പീഡിയാട്രിക് സർജറി വിജയകരമായി പൂർത്തിയാക്കി തിരുവനന്തപുരം റീജിയണൽ കാൻസർ സെൻറർ. നേപ്പാൾ സ്വദേശിയായ 3 വയസുകാരനിലാണ് ശസ്ത്രക്രിയ നടത്തിയതെന്ന് ആരോഗ്യ മന്ത്രി വീണ ജോർജ്ജ് അറിയിച്ചു. ഇടത് അഡ്രീനൽ ഗ്രന്ഥിയിലെ ന്യൂറോ ബ്ലാസ്റ്റോമ നീക്കം ചെയ്യുന്നതിനുള്ള ശസ്ത്രക്രിയയാണ് റോബോട്ടിക് സാങ്കേതിക വിദ്യയുടെ സഹായത്തോടെ നടത്തിയത്.

RNUTVPM

&&&&&&&&&&&&&&&&

## മാലിന്യ മുക്തം- എം ബി രാജേഷ്

സംസ്ഥാനത്തെ സമ്പൂർണ മാലിന്യമുക്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രഖ്യാപനം മന്ത്രി എം ബി രാജേഷ് നിർവഹിച്ചു. കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ കൂട്ടായ പരിശ്രമം ആവശ്യമാണെന്ന് അദ്ദേഹം പറഞ്ഞു.13 മാനദണ്ഡങ്ങളിൽ ഓരോന്നിലും 80 ശതമാനത്തിലധികം പുരോഗതി കൈവരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെയാണ് മാലിന്യമുക്തമായി പ്രഖ്യാപിച്ചത്.

&&&&&&&&&&&&&&&&

## റംസാൻ- ഇൻട്രോ

വ്രതശുദ്ധിയുടെ ദിനരാത്രങ്ങൾക്ക് പരിസമാപ്തി കുറിച്ച് എത്തുന്ന ഈദുൽ ഫിത്തർ ആഘോഷത്തെ വരവേൽക്കാനൊരുങ്ങി നാടുംനഗരവും. ഇന്ന് വൈകീട്ട് ശവ്വാൽ മാസപിറവി ദൃശ്യമായാൽ ഖാസിമാർ പെരുന്നാൾ പ്രഖ്യാപനം നടത്തും.

**ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു തയ്യാറാക്കിയ റിപ്പോർട്ട്....**

**(ഹോൾഡ് വോയിസ്)**

**&&&&&&&&&&&&&&&&**

## റംസാൻ ആശംസകൾ

RNU TVPM

ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേകറും മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് ചെറിയ പെരുന്നാൾ ആശംസകൾ നേർന്നു. കനിവും സാഹോദര്യവും ഈദ് ആഘോഷത്തിൽ മാത്രമല്ല, ജീവിതത്തിലും മാർഗദീപമാകട്ടെയെന്ന് ഗവർണർ ആശംസിച്ചു. പരസ്പര വിശ്വാസത്തിലും സഹോദര്യത്തിലുമൂന്നിയ സാമൂഹിക ബന്ധങ്ങളുടെ തിളക്കമാണ് ഈദ് ആഘോഷങ്ങളുടെ സവിശേഷതയെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു.

**&&&&&&&&&&&&&&&&**

## ഐ.പി.എൽ

ഐ പി എൽ ക്രിക്കറ്റിൽ സൺറൈസേഴ്സ് ഹൈദരാബാദിനെതിരെ ഡൽഹി ക്യാപിറ്റൽസിന് 164 റൺസ് വിജയലക്ഷ്യം. ഇന്നത്തെ രണ്ടാം മത്സരത്തിൽ

രാജസ്ഥാൻ റോയൽസ്- ചെന്നൈ സൂപ്പർ കിംഗ്സിനെ നേരിടും. രാത്രി 7.30 ന് ഗുവഹത്തിയിലാണ് മത്സരം.

&&&&&&&&&&&&&&&&

## രാജീവ് ചന്ദ്രശേഖർ വഖഫ്

കേരളത്തിൽ നിന്നുള്ള എംപിമാർ വഖഫ് നിയമ ഭേദഗതി ബില്ലിനെ പിന്തുണയ്ക്കണമെന്ന കേരള കാത്തലിക് ബിഷപ്പ് കൗൺസിലിന്റെ പ്രസ്താവനയെ സ്വാഗതം ചെയ്യുന്നതായി ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ. മുനമ്പത്തെ ജനങ്ങളുടെ പ്രശ്നങ്ങൾ പരിഹാരിക്കേണ്ടത് എല്ലാവരുടെയും കടമയാണെന്നും അദ്ദേഹം ന്യൂഡൽഹിയിൽ മാധ്യമങ്ങളോട് പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&

## തെക്കൻ കുരിശുമല

തെക്കൻ കുരിശുമല തീർത്ഥാടനത്തിന് തിരുവനന്തപുരത്ത് കൊടിയേറി. നെയ്യാറ്റിൻകര രൂപതാ ബിഷപ് വിൻസൻ്റ് സാമുവൽ പതാക ഉയർത്തിയതോടെയാണ് തീർത്ഥാടനത്തിന് തുടക്കമായത്. ഔപചാരിക ഉദ്ഘാടനം മന്ത്രി ജി ആർ അനിൽ അല്പസമയത്തിനകം നിർവ്വഹിക്കും.

&&&&&&&&&&&&&&&&

## കത്തോലിക്ക ബാവ

കൊച്ചി വിമാനത്താവളത്തിലെത്തിയ ശ്രേഷ്ഠ ബസേലിയോസ് ജോസഫ് കാതോലിക്ക ബാവയ്ക്ക് ഹൃദ്യമായ സ്വീകരണം. അദ്ദേഹത്തെ സഭയിലെ മെത്രാപ്പൊലീത്തമാരും, വൈദികരും, ജനപ്രതിനിധികളും, വിശ്വാസികളും ചേർന്ന്

സ്വീകരിച്ചു. ലെബനിൽ ഈമാസം 25 നായിരുന്നു കാതോലിക്ക ബാവയുടെ സ്ഥാനാരോഹണ ചടങ്ങ്.

**&&&&&&&&&&&&&&&&**

## സുരേഷ് ഗോപി- മേഘ

തിരുവനന്തപുരം പേട്ടയിൽ ട്രെയിൻ തട്ടി മരിച്ച നിലയിൽ കണ്ടെത്തിയ ഐബി ഉദ്യോഗസ്ഥ മേഘയുടെ വീട് കേന്ദ്ര സഹമന്ത്രി സുരേഷ്ഗോപി സന്ദർശിച്ചു. പത്തനംതിട്ട കോന്നിയിലെ മേഘയുടെ വീട്ടിലെത്തിയ അദ്ദേഹം കുടുംബവുമായി സംസാരിച്ചു. വേഗത്തിലുള്ള അന്വേഷണം ഉറപ്പാക്കുൊന്നും വീട്ടുവീഴ്ച ഉണ്ടാകില്ലെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

RNU TVPM

**&&&&&&&&&&&&&&&&**

## CISF പ്രസ് മീറ്റ്

56-ാമത് CISF സ്ഥാപക ദിനാഘോഷങ്ങളുടെ ഭാഗമായി സംഘടിപ്പിക്കുന്ന 6,553 കിലോമീറ്റർ ദൈർഘ്യമുള്ള സൈക്ലത്തോൺ റാലി നാളെ കന്യാകുമാരിയിൽ സമാപിക്കും. CISF ഐ ജി, ജോസ് മോഹൻ തിരുവനന്തപുരത്ത് വാർത്താസമ്മേളനത്തിൽ അറിയിച്ചതാണ് ഇക്കാര്യം. നാളെ തിരുവനന്തപുരം തുമ്പ വിക്രം സാരാഭായി സ്പേസ് സെൻ്ററിൽ സൈക്ലത്തോണിന് സ്വീകരണം നൽകും.

**&&&&&&&&&&&&&&&&**

## എമ്പുരാൻ- CM- സതീശൻ- ബി ജെ പി

കലാസൃഷ്ടിയെ ഇല്ലായ്മ ചെയ്യുന്ന സാഹചര്യം ജനാധിപത്യത്തിനു ഭൂഷണമല്ലെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. എമ്പുരാൻ സിനിമ കണ്ടതിന് ശേഷം സമൂഹമാധ്യമ പോസ്റ്റിൽ അഭിപ്രായം പങ്കു വയ്ക്കുകയായിരുന്നു അദ്ദേഹം. സിനിമ കലാ സൃഷ്ടിയാണെന്നും അതിന്റെ ഉള്ളടക്കത്തെ തിരുത്തിക്കുന്നത് വിജയമല്ലെന്നും പ്രതിപക്ഷ നേതാവ് വി ഡി സതീശൻ പ്രതികരിച്ചു. ചരിത്രം വളച്ചൊടിച്ച് നിർമിക്കുന്ന സിനിമ പരാജയപ്പെടുമെന്ന് ബി ജെ പി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ പറഞ്ഞു.

**&&&&&&&&&&&&&&&&**

**&&&&&&&&&&**

**&&&**

RNU TVPM